**കണ്ണൂർ സർവ്വകലാശാല**

**(ഡി ഒ എ )**

ഡി ഒ എ /A1/73/2025 തീയതി: 04.06.2025

**<u>പ്രസിദ്ധീകരണത്തിന്</u>**

<u>ITEC പാലയാട് ക്യാമ്പസിലെ അഞ്ച് വർഷ ഇൻറഗ്രേറ്റഡ് എം.സി.എ പ്രോഗ്രാമിന്റെ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു</u>

2025-26 അധ്യയന വർഷത്തിൽ, കണ്ണൂർ സർവ്വകലാശാല പാലയാട് ക്യാമ്പസിലെ ഐ.ടി എഡ്യൂക്കേഷൻ സെന്ററിലെ അഞ്ച് വർഷ ഇന്റഗ്രേറ്റഡ് മാസ്റ്റർ ഓഫ് കമ്പ്യൂട്ടർ അപ്ലിക്കേഷൻ പ്രോഗ്രാമിന്റെ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു.

ഹയർ സെക്കൻഡറി പരീക്ഷയിൽ മാത്തമാറ്റിക്സ്, സ്റ്റാറ്റിസ്റ്റിക്സ്, കമ്പ്യൂട്ടർ സയൻസ്, കമ്പ്യൂട്ടർ അപ്ലിക്കേഷൻ, ഇൻഫോർമാറ്റിക്സ് പ്രാക്ടീസസ് എന്നിവയിൽ ഏതെങ്കിലും ഒരു വിഷയം പഠിച്ച് 50 ശതമാനം കുറയാത്ത മാർക്ക് നേടിയവർക്ക് അപേക്ഷിക്കാം. സർവകലാശാല ചട്ടങ്ങൾ പ്രകാരമുള്ള മാർക്ക് ഇളവ് ബാധകമാണ്.

പ്രവേശനം നേടാൻ ആഗ്രഹിക്കുന്ന അപേക്ഷകർ കണ്ണൂർ യൂണിവേഴ്സിറ്റി വെബ്സൈറ്റ് (www.admission.kannuruniversity.ac.in) മുഖേന ഓൺലൈൻ ആയി രജിസ്റ്റർ ചെയ്യേണ്ടതാണ്.

**പ്രവേശനം ലഭിക്കുന്നവർക്ക് ആവശ്യമെങ്കിൽ മൂന്ന് വർഷം പൂർത്തിയാകുമ്പോഴോ നാല് വർഷം പൂർത്തിയാകുമ്പോഴോ വിടുതൽ ചെയ്യാവുന്നതാണ്. അങ്ങനെയുള്ളവർക്ക് അവർ നേടിയ ക്രഡിറ്റിൻറെ അടിസ്ഥാനത്തിൽ** BCA **ഡിഗ്രി, BCA (Hons.)** ഡിഗ്രി എന്നിങ്ങനെയുള്ള **ബിരുദങ്ങൾ ലഭിക്കുന്നതാണ്.**

പ്രസ്തുത പ്രോഗ്രാമിന്റെ പ്രവേശനത്തിന്റെ മറ്റ് വ്യവസ്ഥകൾ, 2025-26 അധ്യയന വർഷത്തിൽ പഠന വകുപ്പുകളിലെ വിവിധ ഇന്റഗ്രേറ്റഡ് പ്രോഗ്രാമുകളുടെ പ്രവേശനത്തിനായി ഇറക്കിയിട്ടുള്ള പ്രോസ്പെക്ടസ് അടിസ്ഥാനമാക്കിയും, പ്രോഗ്രാമിന്റെ റെഗുലേഷൻ പ്രകാരവുമായിരിക്കും.

ഓൺലൈൻ രജിസ്ട്രേഷൻ ഫീസ് എസ്.സി./എസ്.ടി/PwBD വിഭാഗങ്ങൾക്ക് 300/- രൂപയും മറ്റ് വിഭാഗങ്ങൾക്ക് 600/- രൂപയുമാണ്.

SBI e-pay **വഴി** ഓൺലൈനായാണ് രജിസ്ട്രേഷൻ ഫീസ് അടക്കേണ്ടത്. ഡി.ഡി., ചെക്ക്, ചലാൻ തുടങ്ങിയവ സ്വീകരിക്കുന്നതല്ല.

**<u>ഓൺലൈനായി രജിസ്റ്റർ ചെയ്ത അപേക്ഷയുടെ പ്രിന്റ് ഔട്ടും ഓൺലൈൻ പേയ്മെന്റിന്റെ പ്രിന്റ് ഔട്ടും സൂക്ഷിക്കേണ്ടതും അഡ്മിഷൻ സമയത്ത് അതാത് പഠന വകുപ്പുകളിലേക്ക് സമർപ്പിക്കേണ്ടതുമാണ്.</u>**

വെയ്റ്റേജ്/ സംവരണാനുകൂല്യം ആവശ്യമുള്ള വിദ്യാർത്ഥികൾ പ്രസ്തുത വിവരങ്ങൾ ഓൺലൈൻ രജിസ്ട്രേഷനുള്ള അപേക്ഷയിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. അല്ലാത്ത പക്ഷം അഡ്മിഷൻ സമയത്ത് പ്രസ്തുത രേഖകൾ ഹാജരാക്കിയാലും മേല്പറഞ്ഞ ആനുകൂല്യങ്ങൾ ലഭിക്കുന്നതല്ല.

പ്രോസ്പെക്ടസ് ഉൾപ്പെടെയുള്ള കൂടുതൽ വിവരങ്ങൾ www.admission.kannuruniversity.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

അപേക്ഷികൾ സ്വീകരിക്കുന്ന അവസാന തിയ്യതി 17.06.2025

സംശയങ്ങൾക്ക് ഫോൺ /ഇ-മെയിൽ മുഖാന്തരം മാത്രം ബന്ധപ്പെടുക.

ഹെൽപ്പ് ലൈൻ നമ്പർ :+914954262995 ,7356948230

E -mail id: deptdoa@kannuruniv.ac.in

ഒപ്പ്/-
ഡയറക്ടർ ഡയറക്ടറേറ്റ് ഓഫ്
അഡ്മിഷൻ
പരീക്ഷ കൺട്രോളർക്ക് വേണ്ടി

സ്വീകർത്താവ്:

1.പി.ആർ.ഒ (പത്രങ്ങളിലും തൊഴിൽ വാർത്ത, തൊഴിൽ വീഥി തുടങ്ങിയ പ്രസിദ്ധീകരണങ്ങളിലും പ്രസിദ്ധീകരിക്കുന്നതിനായി)
2.വെബ് മാനേജർ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
3.അന്വേഷണ വിഭാഗം
4. ഐ.ടി സെന്റർ

വിതരണാനുമതിയോടെ

സെക്ഷൻ ഓഫീസർ